LIBRARY ARCHIVES Kerala Legislative Assembly

മയക്കുമരുന്ന് മാഫിയാക്കാരായ അന്യസംസ്ഥാന തൊഴിലാളികളെ കണ്ടെത്താൻ പ്രത്യേക സംഘം

243 (2116) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പിടിക്കപ്പെടുന്ന കഞ്ചാവ്-മയക്കുമരുന്ന്-മാഫിയ കൂട്ടുകെട്ടിന് പിന്നിൽ അന്യസംസ്ഥാന തൊഴിലാളികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിലെ മയക്കുമരുന്ന് വ്യാപാരത്തിന്റെ മൊത്തക്കച്ചവടക്കാരായി മാറുന്ന അന്യസംസ്ഥാന തൊഴിലാളികളെ പരിശോധനയ്ക്ക് വിധേയമാക്കാൻ റെയിൽവേ സ്റ്റേഷനുകളിലും മറ്റും പ്രത്യേക സംഘങ്ങളെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പിടിക്കപ്പെടുന്ന കഞ്ചാവ്- മയക്കുമരുന്ന് കൂട്ടുകെട്ടിന് പിന്നിൽ ചില അന്യസംസ്ഥാന തൊഴിലാളികൾ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളിലും ടെയിനുകളിലും അനുബന്ധ പ്രദേശങ്ങളിലും ബീറ്റ്/പട്രോളിംഗ് എന്നിവ നടത്തി അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിച്ചും, അവരുടെ പ്രവർത്തനങ്ങൾ പരിശോധന നടത്തിയും വിവരങ്ങൾ ശേഖരിച്ചും പ്രത്യേക ജാഗ്രത പുലർത്തിവരുന്നുണ്ട്.

റാണി പോളിന്റെ ദുരൂഹമരണം

244 (2117) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 14 വർഷക്കാലമായി പഞ്ചായത്ത് മെമ്പറും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണുമായിരുന്ന റാണി പോളിന്റെ ദുരൂഹ മരണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ നടത്തിയ പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റാണി പോളിന്റെ ദുരൂഹമരണം അന്വേഷിക്കുന്നതിനും, മരണത്തിനുത്തര വാദികളായവരെ കണ്ടെത്തുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?